**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യ മേഖലയിൽ ഈ സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഫിഷെർമെൻ കോളനികളിലെ അവരുടെ വാസയോഗ്യമല്ലാത്ത 184 ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി 2023-24 വർഷം 736 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ മത്സ്യമേഖലയിലെ വാസയോഗ്യമല്ലാത്ത 1,000 ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനായി വീടൊന്നിന് 1 ലക്ഷം രൂപ നിരക്കിൽ 10 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി**<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2025-26 പദ്ധതി പ്രകാരം 509/-രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ |

അപകടം മൂലമുള്ള ആശുപത്രി ചെലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/-രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. (പരമാവധി 10 ലക്ഷം).

**<u>വിദ്യാഭ്യാസ അവാർഡ് 'മികവ്'</u>**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു.

**<u>ക്ഷേമ നിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി 14 നൂതന പദ്ധതികളും ഒരു പ്രത്യേക പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിരുന്ന 5 പദ്ധതികൾ അനുബന്ധത്തൊഴിലാളികൾക്ക് കൂടി അനുവദിച്ചിട്ടുണ്ട്.

**<u>മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ</u>**

<u>**1.** സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി</u>

**MBBS, BDS, BAMS, BHMS**, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്ത ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക്, സ്വാശ്രയ കോളേജുകളിലോ, വിദേശത്തോപോയി പഠിക്കുന്നതിന് ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**2.** <u>ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും / ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി</u>

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും കുടുംബങ്ങൾക്ക്, മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുള്ള അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ടി, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ ചികിത്സയ്ക്കായി പരമാവധി 25000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**3.** <u>ഗ്രന്ഥശാല / വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി</u>

ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതി ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു.

**4.** <u>മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ</u>

അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനങ്ങളും, അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്.

**5.**<u>മത്സ്യ, അനുബന്ധ തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി</u>

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും, ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ,അനുബന്ധത്തൊഴിലാളി സമൂഹത്തിൽ എത്തിക്കുന്നതിനും, അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവിന് അനുവദിക്കുന്നു.

**6**. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി

അപകടങ്ങളിൽപെടുന്ന മത്സ്യബന്ധന യാനങ്ങൾക്കും, വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിക്കുമ്പോൾ, പരമാവധി ഒരു ലക്ഷം രൂപ വരെ ഉടമസ്ഥർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നു.

**7.** കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർപരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നു.

**8.** അന്താരാഷ്ട കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധനസഹായം നൽകുന്ന പദ്ധതി

കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടുന്ന ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക്, അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

**9.** അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം

മത്സ്യബന്ധനത്തിൽ / അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്ന തിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 25,000/- രൂപ ധനസഹായം അനുവദിക്കുന്നു.

10. 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി ഓരോ ഫിഷറീസ് ഓഫീസിനും പരമാവധി 10,000/- രൂപ അനുവദിക്കുന്നു.

**11.**പ്രതിഭകളെ ആദരിക്കുന്ന പദ്ധതി

കലാ/വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി ഓരോ ജില്ലയിലും പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

**12.** ചെയർമാന്റെ ദുരിതാശ്വാസ നിധി

അപ്രതീക്ഷിതമായ അപകടങ്ങൾ, പ്രകൃതി ക്ഷോഭങ്ങൾ എന്നിവ മുഖേന ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ് ചെയർമാൻ അനുവദിക്കുന്ന അടിയന്തിര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

**13.** ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.

ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.

**14** യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്ന്, രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി

ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസപരമായ മുന്നേറ്റം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം, അംഗീകൃത സർവ്വകലാശാലകൾ നടത്തുന്ന ബിരുദ, ബിരുദാനന്തരപരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന വർക്ക് 10,000/- രൂപയും, രണ്ടാം റാങ്ക് നേടുന്നവർക്ക് 9000/- രൂപയും മൂന്നാം റാങ്ക് നേടുന്നവർക്ക് 8000/- രൂപയും നൽകുന്നു.

**പ്രത്യേക പദ്ധതി — 'സാന്ത്വനതീരം'**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും,

പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചു നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. കൂടാതെ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പുതിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.

**1.ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി**

കടലും തീരവും മലിനപ്പെടുന്നത് കാരണം മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനായി കടലും തീരവും മാലിന്യമുക്തം (പ്രധാനമായും പ്ലാസ്റ്റിക് മാലിന്യം) ആക്കുന്നതിനായി 'ശുചിത്വ സാഗരം സുന്ദര തീരം' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**2.മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി**

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിനും കേടാകാത്ത മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നാളിതുവരെ 3111 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലായി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. ഈ സാമ്പത്തിക വർഷം 800 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ കൂടി വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കുകയും 504 എണ്ണം 9 ജില്ലകളിലായി വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യം കേടാകാതെ വില്പന നടത്താൻ കഴിയുന്നതുവഴി മത്സ്യത്തിന് നല്ല വില ലഭിക്കുകയും ആയത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക നില പുരോഗമിക്കാൻ സഹായിക്കുകയും ചെയ്യും.

**3. മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതി.**

മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും

ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.
പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ 10 കിറ്റുകൾ സബ്സിഡിയോടു കൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് 7 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി വിതരണോദ്ഘാടനം 22.01.2023-ന് നിർവഹിച്ചു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023-ന് LPG കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു.

പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ SOP 16/04/2025-ൽ ലഭ്യമാകുകയും തുടർന്ന് ടി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് LPG കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**4. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ.**

മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന 1000 എഞ്ചിനുകൾ 50% (പരമാവധി 50,000/-രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം, നിലവിൽ

മണ്ണെണ്ണ എഞ്ചിനുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി എഞ്ചിന് പകരം പെട്രോൾ എഞ്ചിൻ വാങ്ങുന്നതിന് 50% സബ്സിഡി (പരമാവധി 50,000/- രൂപ വരെ) നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 177 ഗുണഭോക്താക്കൾക്ക് ഒരോരുത്തർക്കും 50,000 രൂപ നിരക്കിൽ ആകെ 88.5 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിരുന്നു. 2025-26-ൽ സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപയോഗിച്ച് 200 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**<u>5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി</u>**

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മേച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) (2020-21) യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യ ഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ബാക്കി 4 എണ്ണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

PMMSY (2023-24) യിൽ ഉൾപ്പെടുത്തി 1.20കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി

രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും യോഗ്യതയുള്ള യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRPയാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.</u>**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 വീതം FRP യാനങ്ങൾ, (എഞ്ചിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്തു.

**<u>7.മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം</u>**

മത്സ്യബന്ധന യാനങ്ങളെ ആധുനികവത്കരിക്കുന്നതിലേക്കായി 2023-24 സാമ്പത്തിക വർഷം 10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. പദ്ധതിയിൽ ഉൾപ്പെടുത്തി മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ പരമ്പരാഗത യാനങ്ങളെ 30 ലക്ഷം രൂപ ചെലവിൽ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി നവീകരിക്കുന്നതിനാണ് പദ്ധതി രൂപകൽപ്പന ചെയ്തത്. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി തടി നിർമ്മിത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതി പ്രകാരം 50%

| | | | |
|---|---|---|---|
| | | | നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകി. പദ്ധതിയുടെ ഭാഗമായി 23 ഗുണഭോക്താക്കൾ പരമ്പരാഗത യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളാക്കി നിർമ്മാണം പൂർത്തീകരിച്ചു.<br><br>യന്ത്രവൽകൃത ബോട്ടുകളിൽ 50% നിരക്കിൽ പരമാവധി 8000/- രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകി. മത്സ്യബന്ധന യാനങ്ങളിൽ ശുദ്ധജല ടാങ്ക് ഘടിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കി.<br><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 836 മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിച്ച കഴിഞ്ഞു. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കി.പദ്ധതി പ്രകാരം 144 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു.<br><br>മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 ൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള 550 മൗണ്ടിംഗ് ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന GPS-കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും സഹായിക്കുന്നു. 'ആഴക്കടൽ മത്സ്യബന്ധനവും കടൽസുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം 2021-22 ൽ 777 (377 മൗണ്ടിംഗ് ജി.പി.എസും, 400 ഹാന്റ് ഹെൽഡ് ജി.പി.എസും) ജി.പി.എസുകളും, 2022-23 ൽ 548 ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ കുറയ്ക്കുവാൻ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളിയുടെ ദുരിതങ്ങൾ കുറയ്ക്കുന്നതിനായി മത്സ്യഫെഡ് പ്രോജക്ട് വിഭാഗം വഴി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സിഡി.സി) ധനസഹായത്തോടുകൂടി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്ന സംയോജിത മത്സ്യ വികസന പദ്ധതി വഴി മത്സ്യബന്ധന ഉപകരണ വായ്പ, മത്സ്യകച്ചവടം നടത്തുന്ന സ്ത്രീകൾക്കായുള്ള പലിശ രഹിത വായ്പ, ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടു കൂടിയുള്ള മൈക്രോഫിനാൻസ്, ടേം വായ്പ, വിദ്യാഭ്യാസ വായ്പയും നടപ്പിലാക്കി വരുന്നു.<br><br>**<u>മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേയ്ക്ക് മാറുന്ന, പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് - പെട്രോൾ സബ്സിഡി</u>**<br><br>മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേയ്ക്ക് മാറുന്ന, മണ്ണെണ്ണ പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക്, സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിൽ നിലവിൽ മണ്ണെണ്ണ സബ്സിഡി നൽകി വരുന്ന അതേ നിരക്കിലും (Rs.25/-Litre) അതേ അളവിലും പെട്രോൾ സബ്സിഡി അനുവദിച്ച്, 26.07.2025 തീയതിയിലെ സ.ഉ.(സാധാ) നം.544/2025/മതുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**<u>വെള്ള മണ്ണെണ്ണ സബ്സിഡി</u>**<br><br>മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നത് കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള 13 മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകളിൽനിന്നാണ്. ടി സബ്സിഡി, ലിറ്ററിന് 25/- രൂപ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് DBT (Direct Beneficiary Transfer) പ്രകാരം അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നിലവിൽ വിതരണം ചെയ്തു വരുന്നത്.<br><br>സബ്സിഡി മണ്ണെണ്ണ പെർമിറ്റ് കാർഡുള്ള മത്സ്യത്തൊഴിലാളികൾക്ക് നൽകപ്പെടുന്നു. 10 HP വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ വരെ, 15 HP വരെയുള്ളവയ്ക്ക് 150 ലിറ്റർ വരെ, 25 HP |

| | | | |
|---|---|---|---|
| | | | മുകളിലുള്ളവയ്ക്ക് 190 ലിറ്റർ വരെ എന്ന തോതിലാണ് വിതരണം ചെയ്യുന്നത്. നിലവിൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി സബ്സിഡിയോട് കൂടി വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണ ലിറ്ററിന് 25/- രൂപ യിൽ നിന്ന് 50/- രൂപ നിരക്കിൽ വർദ്ധിപ്പിക്കുവാനുള്ള പ്രോജക്ട് പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർക്ക് തയ്യാറാക്കി വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യബോർഡ് മുഖാന്തിരം അനുവദിക്കുന്ന ധനസഹായപദ്ധതികളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

## സാന്ത്വന തീരം പദ്ധതി പ്രകാരം നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ

| **ക്രമ നം.** | **രോഗചികിത്സ** | **ധനസഹായതുക (മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, പെൻഷണർ)<br><br>(പ്രതിവർഷം പരമാവധി തുക (രൂപ))** |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/- |
| 3 | കരൾരോഗം | 20,000/- |
| 4 | കാൻസർ | 50,000/- |
| 5 | കണ്ണ് ചികിൽസ | 10,000/- |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്നവർക്ക് | 10,000/- |
| 8 | ഓട്ടിസം (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 20,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി ) | 10,000/- |

**അനുബന്ധം – 2**

**അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നം | പദ്ധതിയുടെ പേര് | തുക (രൂപയിൽ) |
|---|---|---|
| 1 | തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണം കൊണ്ട് ഉണ്ടാകുന്ന മരണം | 1,00,000 |
| 2 | ആശ്രിതരുടെ മരണത്തൊടനുബന്ധിച്ച ചെലവിനുള്ള ധനസഹായം | 2,000/– |
| 3 | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശത | 500/– |
| 4 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000/– |
| 5 | കായിക വിനോദ മത്സരങ്ങളിൽ വിജയം നേടിയവർക്ക് പ്രോത്സാഹന പദ്ധതി | 10,000/– |
| 6 | പെൺമക്കളുടെ വിവാഹ ധനസഹായം (അനുബന്ധത്തൊഴിലാളികളുടെ 2 പെൺമക്കൾക്ക്) | 25,000/– |

**അനുബന്ധം – 3**

**മത്സ്യബോർഡ് മുഖാന്തിരം അനുവദിക്കുന്ന ധനസഹായപദ്ധതികളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നം | പദ്ധതി | പഴയ തുക | നിലവിൽ അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | മത്സ്യബന്ധനത്തിനിടയിലോ തൊട്ടുപിന്നാലെയോ, അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് നൽകി വരുന്ന ആശ്വാസ ധനസഹായം | 50,000/- രൂപ | 1,00,000/-രൂപ |
| 2 | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും പെൺമക്കളുടെ വിവാഹങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം | 10,000/- രൂപ | 25,000/- രൂപ |
| 3 | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ആശ്രിതരുടെ മരണാനന്തര ചടങ്ങുകൾക്കായി അനുവദിക്കുന്ന ധന സഹായം | 600/- രൂപ | 2,000/- രൂപ |